ആവിഷ്ക്കരിക്കുന്നത്. കാർഷിക മേഖലയിൽ വനിതാ പങ്കാളിത്തം എന്ന പദ്ധതി പ്രകാരം വനിതകൾക്ക് കാർഷിക ഉൽപ്പന്നങ്ങളുടെ മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനും അതുവഴി തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുന്നതിനും ആവശ്യമായ സംരംഭങ്ങൾ ആരംഭിക്കുന്നതിനും സാമ്പത്തിക സഹായം നൽകുന്നു.

2003-2004 വർഷത്തിൽ കാർഷിക മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ ഉണ്ടാക്കുന്നതിനുള്ള 137 യൂണിറ്റുകൾക്ക് 36.39 ലക്ഷം രൂപ ബാങ്കു വായ്പയും 12.41 ലക്ഷം രൂപ സബ്സിഡിയുമായി അനുവദിക്കുകയുണ്ടായി. 2004-2005 വർഷത്തിലും ഈ പദ്ധതി തുടരുന്നു. എസ്.എഫ്.എ.സി., വനിതകൾക്ക് മൂല്യവർദ്ധിത ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള പരിശീലനം നൽകുന്നതോടൊപ്പം, യൂണിറ്റുകൾക്ക് പ്രവർത്തന മൂലധനവും നൽകിവരുന്നു.

വനിതാ ഗ്രൂപ്പുകൾക്കായി വാഴപ്പഴത്തിൽനിന്നും ജാം, മറ്റു പിക്കിൾസ്, ചിപ്സ്, കറി പൗഡർ എന്നിവ ഉണ്ടാക്കുന്നതിന് വി.എഫ്.പി.സി.കെ. വായ്പ ലഭ്യമാക്കുന്നു. വാഴനാരു സംസ്കരണത്തിനാവശ്യമായ മെഷിനറീസ് ഒരു യൂണിറ്റിനു നൽകിയിട്ടുണ്ട്. ഇതിനു പുറമേ പഴം, പച്ചക്കറി, കൂൺ കൃഷി എന്നിവ വനിതാ ഗ്രൂപ്പുകൾ വഴി നടപ്പിലാക്കുന്നുണ്ട്. 2400 വനിതകൾ അടങ്ങിയ 120 സ്വയം സഹായ സംഘങ്ങൾക്കു സഹായം നൽകിവരുന്നു.

കാർഷിക വിലസ്ഥിരതാ ഫണ്ട്

*16 [332] ശ്രീ. വി. ചെന്താമരാക്ഷൻ:
ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ:
ശ്രീ. മത്തായി ചാക്കോ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ കാർഷിക വില സ്ഥിരതാ ഫണ്ടിന് രൂപം നൽകിയിട്ടുണ്ടോ; എങ്കിൽ ഇതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ;

(ബി) ഈ ഫണ്ടിന്റെ ആനുകൂല്യങ്ങൾ കർഷകർക്ക് നൽകിത്തുടങ്ങിയിട്ടുണ്ടോ;

(സി) ഫണ്ടിന്റെ രൂപീകരണത്തിനായി സർക്കാർ എന്തു തുക നീക്കിവെച്ചിട്ടുണ്ട്; ഇതിൽ എന്തു തുക ചെലവഴിച്ചു എന്നു വെളിപ്പെടുത്തുമോ?

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ):

(എ) സംസ്ഥാന സർക്കാർ, കാർഷിക വിലസ്ഥിരതാ ഫണ്ടിന് അന്തിമ രൂപം നൽകിയിട്ടില്ല. തേങ്ങ, അടയ്ക്ക, കുരുമുളക്, ഏലം, ജാതി, ഗ്രാമ്പു, ഇഞ്ചി എന്നീ കാർഷികോൽപ്പന്നങ്ങളുടെ വില ഗണ്യമായി കുറയുമ്പോൾ താങ്ങുവില

LIBRARY ARCHIVES Kerala Legislative Assembly

നൽകി ചെറുകിട നാമമാത്രകർഷകരെ വിലയിടിവിൽനിന്നും രക്ഷിക്കുക എന്നതാണ് ഈ ഫണ്ടിന്റെ പ്രധാന ലക്ഷ്യം. ഇതു വഴി സുസ്ഥിരമായ ഒരു ജീവിത നിലവാരം നൽകുവാനും കാർഷികവൃത്തിയിൽ കർഷകരെ ഉറപ്പിച്ചു നിർത്തുവാൻ പ്രോത്സാഹനം നൽകുവാനും ഫണ്ടുവഴി കഴിയുന്നതാണ്.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) ബജറ്റിൽ ഇതിനായി പ്രത്യേകിച്ച് തുകയൊന്നും നീക്കിവെച്ചിട്ടില്ല.

കീടനാശിനി പ്രയോഗംമൂലം ക്യാൻസർ രോഗം

*17 [333] ശ്രീ. എം. കുമാരൻ:

" ബിനോയ് വിശ്വം:

" പി. നാരായണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തുള്ള ഏലം, തേയില തോട്ടങ്ങളിലെ അമിത കീടനാശിനി പ്രയോഗംമൂലം ജനങ്ങളിൽ ക്യാൻസർ രോഗം വർദ്ധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഏതെല്ലാം ജില്ലകളിലാണ് ഇത്തരത്തിൽ ക്യാൻസർ രോഗികളുടെ എണ്ണം വർദ്ധിക്കുന്നത്;

(സി) ഈ ജില്ലകളിലെ ക്യാൻസർ രോഗികളുടെ എണ്ണം വെളിപ്പെടുത്തുമോ;

(ഡി) ഈ പ്രശ്നം പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചു വരുന്നുണ്ടെന്നു വിശദമാക്കുമോ?

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ ഗൗരിയമ്മ):

(എ) ഇല്ല. ഏലം, തേയില തോട്ടങ്ങളിൽ രോഗകീട ബാധയ്ക്കെതിരെ കൃഷിവകുപ്പു മുഖാന്തിരം മരുന്നുതളി നടത്തുന്നില്ല. സെൻട്രൽ ഇൻസെക്ടിസൈഡ് ആക്ട് പ്രകാരമാണ്, തളിക്കാവുന്നതും തളിക്കാൻ നിരോധനമുള്ളതുമായ കീടനാശിനികളുടെ ലിസ്റ്റ് തീരുമാനിക്കപ്പെട്ടിട്ടുള്ളത്. കീടനാശിനികളുടെ ലിസ്റ്റ് തീരുമാനിക്കുന്നതു സംസ്ഥാന ഗവൺമെന്റല്ല.

(ബി—ഡി) ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly